കോഴിക്കോട് മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും ഒഴിവുകൾ

129 [954] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലെ വിവിധ ഡിപ്പാർട്ട്മെന്റുകളിലായി ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകളിലേക്ക് യഥാസമയം നിയമനം നടത്താതിരിക്കുന്നതുമൂലം രോഗികൾ അനുഭവിക്കുന്ന പ്രയാസങ്ങൾ പരിഗണിച്ചിട്ടുണ്ടോ;

(സി) ആശുപത്രികളിലെത്തുന്ന രോഗികളുടെ എണ്ണത്തിലുള്ള ക്രമാതീതമായ വർദ്ധനവിനനുസരിച്ച് ആശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിക്കുന്നില്ല എന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(ഡി) ഏതെല്ലാം വകുപ്പുകളിൽ പുതുതായി എത്ര തസ്തികകൾ വീതം സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും നിലവിലുള്ള എല്ലാ ഒഴിവുകളിലേക്കും നിയമനം നടത്തുന്നതിന് എന്തു നടപടിയാണ് ഇതിനകം കൈക്കൊണ്ടിട്ടുള്ളതെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ ഡോക്ടർ തസ്തികയിൽ ഉള്ള ഒഴിവുകളുടെ വിവരം ചുവടെ നൽകുന്നു.

പ്രൊഫസർ	..	12
അസോസിയേറ്റ് പ്രൊഫസർ	..	7
അസി. പ്രൊഫസർ	..	36
ലക്ചറർ	..	51
ആകെ	..	106

പാരാമെഡിക്കൽ ജീവനക്കാരുടെ ഒഴിവ്

(കോളേജ് ആശുപത്രി ഉൾപ്പെടെ) .. 244

(ബി) ഒഴിവുകളിലേക്ക് നിയമനം നടത്തി രോഗികളുടെ പ്രയാസങ്ങൾ പരിഹരിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പരിഗണിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പുതുതായി സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്ന തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു:

ട്രാൻസ്ഫ്യൂഷൻ മെഡിസിൻ		
പ്രൊഫസർ	..	1
സർജിക്കൽ ഗ്യാസ്ട്രോ എൻട്രോളജി		
പ്രൊഫസർ	..	1
അസോസിയേറ്റ് പ്രൊഫസർ	..	1
അസി. പ്രൊഫസർ	..	2
ലക്ചറർ	..	2
സ്റ്റാഫ് നേഴ്സ്	..	6
മെഡിക്കൽ കൗൺസിലിന്റെ ശുപാർശകൾ നടപ്പാക്കുന്നതിന്		
അനാട്ടമി അസി. പ്രൊഫസർ	..	1
ഫിസിയോളജി		
അസോസിയേറ്റ് പ്രൊഫസർ	..	3
ബയോ കെമിസ്ട്രി		
പ്രൊഫസർ	..	1
പതോളജി		
അസോസിയേറ്റ് പ്രൊഫസർ	..	4
ഫാർമക്കോളജി		
അസോസിയേറ്റ് പ്രൊഫസർ	..	2
ഫോറൻസിക് മെഡിസിൻ		
അസോസിയേറ്റ് പ്രൊഫസർ	..	2
ജനറൽ മെഡിസിൻ		
അസോസിയേറ്റ് പ്രൊഫസർ	..	2
അനസ്തേഷ്യ		
പ്രൊഫസർ	..	1
റേഡിയോ ഡയഗ്നോസിസ്		
പ്രൊഫസർ	..	1
അസോസിയേറ്റ് പ്രൊഫസർ	..	2
ലക്ചറർ	..	2

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർമാരുടെ തസ്തികകളിൽ പ്രമോഷൻ വഴി നികത്താൻ കഴിയുന്നവ ഡി.പി.സി. കൂടി പ്രമോഷൻ നൽകിയും, ലക്ചറർ തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളവയിൽ അതുവഴിയും നിലവിലില്ലാത്തവയിൽ കരാറടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും നിയമനം നടത്തുന്നുണ്ട്. പാരാമെഡിക്കൽ വിഭാഗങ്ങളിൽ പി.എസ്.സി. ലിസ്റ്റ് നിലവിലുള്ളവയിൽ അതുവഴിയും നിലവിലില്ലാത്തവയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരവും നിയമനം നടത്തുന്നു.

കോഴിക്കോട് മെഡിക്കൽ കോളേജിലും ഐ.എം.സി.എച്ചിലും ആശുപത്രി വികസന സൊസൈറ്റി നടത്തുന്ന നിയമനങ്ങൾ

130 [955] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലും ഐ.എം.സി.എച്ച്-ലും ആശുപത്രി വികസന സൊസൈറ്റി നടത്തുന്ന നിയമനങ്ങൾക്ക് എന്തെങ്കിലും മാനദണ്ഡം നിഷ്ക്കർഷിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണ്.

(ബി) ഇപ്രകാരം നിയമിതരാകുന്നവർക്ക് നിലവിലുള്ള സേവനവേതന വ്യവസ്ഥകൾ എന്തെല്ലാമാണ്;

(സി) താൽക്കാലികാടിസ്ഥാനത്തിലുള്ള ഈ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇപ്രകാരം നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) പ്രസവാവധി നിഷേധിക്കപ്പെടുകയും ലീവെടുത്തതിനെ തുടർന്ന് വനിതകളെ പിരിച്ചു വിടുകയും ചെയ്ത എച്ച്.ഡി.എസ്. നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) കഴിഞ്ഞ മൂന്നു വർഷത്തിനിടെ എത്ര പേരെ ഇപ്രകാരം പിരിച്ചു വിട്ടിട്ടുണ്ട്;

(ജി) ഇത്തരം നടപടികൾ അവസാനിപ്പിക്കാൻ സർക്കാർ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇതുവരെ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല. താൽക്കാലിക നിയമനങ്ങൾ നടത്തിവരുന്നത്, ജില്ലാ കളക്ടർ ചെയർമാനും പ്രിൻസിപ്പാൾ, ആശുപത്രി സൂപ്രണ്ട്, ഒരു സബ്ജക്ട് എക്സ്പെർട്ട് എന്നിവരുൾപ്പെടുന്ന ഒരു ബോർഡ് ഇന്റർവ്യൂ നടത്തി തയ്യാറാക്കുന്ന സെലക്ട് ലിസ്റ്റിൽ നിന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly